# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1697 - 18/06/2012-ലെ മറുപടിക്ക്**

സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.ഡി സതീശൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. എം.പി. വിൻസെന്റ്** | | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) | സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;; | നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി 18/05/2011-ലെ സ.ഉ.(എം.എസ്) നം.228/2011/ധന ഉത്തരവ് പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ രൂപീകരിക്കപ്പെട്ടു. സെല്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി ഒരു അഡീഷണൽ സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി, നാല് അകൗണ്ട്സ് ഓഫീസർമാർ എന്നിവരുടെ കീഴിൽ നാലു സെക്ഷനുകൾ പ്രവർത്തിച്ചുവരുന്നു. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശ സർക്കാരുകളിൽ നിന്നും വിവരശേഖരണത്തിനായി കമ്മീഷൻ ഉപയോഗിച്ചിരുന്ന സോഫ്റ്റ് വെയർ കാലാനുഗതമാക്കുകയും തദ്ദേശ സർക്കാരുകളുടെ 2009-10 മുതലുള്ള വരവു ചെലവു കണക്കുകൾ ശേഖരിക്കുന്നതിനും വിവിധ ഫണ്ടുകൾ വിതരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

| | | |
|---|---|---|
| (ബി) | സെല്ലിൽ വെബ്സൈറ്റിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; എന്തെല്ലാം വിവരങ്ങളാണ് വെബ്സൈറ്റ് വഴി ലഭിക്കുന്നത്; | സംസ്ഥാന ധനകാര്യ കമ്മീഷൻ സെല്ലിന്റെ 'sfc.kerala.gov.in'. എന്ന വെബ്സൈറ്റിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാല് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ, പ്രസ്തുത റിപ്പോർട്ടുകളിൻമേലുള്ള നടപടി റിപ്പോർട്ടുകൾ, നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശസർക്കാരുകളിൽ നിന്നും ശേഖരിച്ച 2004 - 2005 മുതൽ 2008 - 2009 വരെയുള്ള വരവു ചെലവു കണക്കുകൾ, ഇതിനെ അടിസ്ഥാനമാക്കി നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള വ്യത്യസ്ത റിപ്പോർട്ടുകൾ, സംസ്ഥാനത്തിലെ മുഴുവൻ തദ്ദേശസർക്കാരുകളെയും സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ എന്നിവയാണ് ഈ വെബ്സൈറ്റ് വഴി ലഭിക്കുന്ന പ്രധാന വിവരങ്ങൾ. |
| (സി) | ഏതെല്ലാം സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ടാണ് ഈ സൈറ്റ് പ്രവർത്തിക്കുന്നത് ? | സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചാത്തുകൾ 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളെ ഈ സൈറ്റുമായി സംയോജിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ